ജി എച്ച് എസ് എസ് പട്ടിക്കാട്, മലപ്പുറം ജില്ല

# "കൈത്തിരി"
# ഡിജിറ്റൽ മാഗസിൻ

## ലിറ്റിൽ കൈറ്റ്സ്
## വിദ്യാരംഗം കലാസാഹിത്ത്യവേദി



# കൈത്തിരിയിൽ നിന്ന് പ്രകാശ ഗോപുരത്തിലേക്ക്

നമ്മുടെ രാജ്യത്തിനും കുടുംബങ്ങൾക്കുമൊക്കെ ചരിത്രമുണ്ടല്ലോ.അതുപോലെ ഒരു ചരിത്രം ഈ വിദ്യാലയത്തിനുമുണ്ട്. വലിയ കെട്ടിടങ്ങളും ധാരാളം കുട്ടികളുമുള്ള ഒരു മഹാസ്ഥാപനമായി നമ്മുടെ വിദ്യാലയം വളർന്നിരിക്കുന്നു.എന്നാൽ അത് ആരംഭിക്കുന്നത് തന്നെ ചെറിയ ഒരു പ്രൈമറി വിദ്യാലയമായിട്ടാണ്.

കാലംകൃത്ത്യമായി പറയാനാവില്ല.ഏതാണ്ട് 102 കൊല്ലം മുമ്പ് ഇവിടെ നിന്ന് 21/2 കി.മീ.കിഴക്കുഭാഗത്തുള്ള കാര്യാവട്ടം എന്ന സ്ഥലത്ത് കക്കാട്ടിൽ കുഞ്ഞാലൻ മൊല്ല എന്ന വ്യക്തി ഒരു ഓത്തുപള്ളിക്കൂടം(മതപാഠശാല)നടത്തി വന്നിരുന്നു.

അവിടെ അദ്ദേഹം മലയാളം എഴുതാനും വായിക്കാനും കൂടി പഠിപ്പിച്ചിരുന്നുവത്രെ.ആ സ്ഥലത്ത് വള്ളുവനാട് താലൂക്ക് ബോർഡ് ഒരു പ്രൈമറി വിദ്യാലയം സ്ഥാപിച്ചു.കുറച്ച് കാലം കഴിഞ്ഞ് ആ വിദ്യാലയം ഇന്നു കാണുന്ന സ്ഥലത്തേക്ക് മാറ്റി സ്ഥാപിച്ചു.

ഇതിനുള്ള 21/2 ഏക്കർ സ്ഥലം ഇവിടെ അടുത്തുള്ള മേലേടത്ത്മനക്കാർ സംഭാവന ചെയ്തതാണ്.

ക്രമേണ ഇത് യു.പി.സ്കൂളായി 1962 ൽ ഹൈസ്കൂളായും 2004 ൽ ഹയർ സെക്കണ്ടറി സ്കൂളായും വളർന്നു പന്തലിച്ചു.1964 വരെ എൽ പി സ്കൂളും ഇതിന്റെ ഭാഗമായി തന്നെയാണ് പ്രവർത്തിച്ചിരുന്നത്.പിന്നീട് അത് വേറെ സ്ഥാപനമായി മാറി.ഈ കൊച്ചു വിദ്യാലയം പ്രവർത്തനം തുടങ്ങുന്നത് നമ്മുടെ വിദ്യാലയത്തിന്റെ തെക്കു കിഴക്കെ മൂലയിലുള്ള ചെറിയ കെട്ടിടത്തിലായിരുന്നു.അവിടെ തെളിഞ്ഞ ആ ദീപനാളത്തിൽ നിന്നാണ് ഇന്ന് കാണുന്ന ഈ വലിയ പ്രകാശഗോപുരമായി നമ്മുടെ സ്ഥാപനം വളർന്നത്.

ഇന്നലെകളെകുറിച്ചഅന്വേഷിച്ചറിയുമ്പോഴാണ് കാലത്തിന്റെ പാതയിലൂടെ നാം എത്ര ദൂരം സഞ്ചരിച്ചിട്ടാണ് ഇവിടെ എത്തിയതെന്ന് മനസ്സിലാവുന്നത്.ഇനിയും ലക്ഷ്യത്തിലേക്ക് മുന്നേറാനുള്ള കരുത്തും കർമ്മ ചൈതന്യവും ഈ ചരിത്ര സ്മരണകൾ നമുക്ക് നൽകുക തന്നെ ചെയ്യും.

# ആമുഖം.............

പട്ടിക്കാട്ഗവ. ഹയർസെക്കണ്ടറി സ്കൂളിലെ വിദ്യാരംഗം കലാസാഹിത്ത്യവേദിയുടെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ 'കൈത്തിരി' പതിപ്പിനെ ഒരു ഡിജിറ്റൽ മാഗസിൻ ആക്കാൻ വേണ്ടി ' ലിറ്റിൽ കൈറ്റ്സ് ' യൂണിറ്റ് നടത്തിയ ഒരു എളിയ ശ്രമമാണിത്.ഈ ഡിജിറ്റൽ യുഗത്തിൽ പുത്തൻ തലമുറക്ക് ഡിജിറ്റൽ രംഗത്തേക്ക് താൽപര്യം ജനിപ്പിക്കുന്നതിനു വേണ്ടിയുള്ള ഒരു ശ്രമം കൂടിയാണിത് .സമയബന്ധിതമായി പൂർത്തിയാക്കേണ്ടിവന്നതു കൊണ്ട് പൂർണതയിലേക്ക് എത്തിക്കാൻ കഴിഞ്ഞില്ലെങ്കിലും തുടക്കമെന്ന നിലയിൽ ഏവരുടേയും അനുഗ്രഹം ഉണ്ടാവണമെന്ന പ്രാർത്ഥനയോടെ ഈ ഡിജിറ്റൽ മാഗസിൻ '**കൈത്തിരി**' നിങ്ങൾക്കു മുൻപിൽ സമർപ്പിക്കുന്നു.

*ടീം ലിറ്റിൽ കൈറ്റ്സ്*



## ആശംസകൾ........

***"കൈത്തിരി" എന്ന പതിപ്പിനെ ഒരു ഡിജിറ്റൽ മാഗസിൻ രൂപത്തിലേക്ക് മാറ്റുന്നതിന് വേണ്ടി പ്രയത്നിച്ച ഈ സ്കൂളിലെ "ലിറ്റിൽ കൈറ്റ്സ്" യൂണിറ്റിലെ അംഗങ്ങളെയും അധ്യാപകരേയും അഭിനന്ദിക്കുന്നു.***

**ഹെഡ് മാസ്റ്റർ**
**ബഷീർ.കെ**



# ആശംസകൾ........



P. SREERAMAKRISHNAN
SPEAKER
KERALA LEGISLATIVE ASSEMBLY

LEGISLATURE COMPLEX,
VIKAS BHAVAN P. O.,
THIRUVANANTHAPURAM.
Phone : Res. : 91-471-2302698
91-471-2513014
Office : 91-471-2513007
2305820
2513055
Fax : 91-471-2512131
E-mail : speaker@niyamasabha.nic.in
DATE 17.10.2018

സന്ദേശം

വിദ്യാർത്ഥികളുടെ സർഗ്ഗ സൃഷ്ടികളും, സാമൂഹിക – സാംസ്കാരിക ജീവിതത്തെ പ്രതിഫലിപ്പിക്കുന്ന അഭിപ്രായങ്ങളും, നേട്ടങ്ങളും വിശേഷങ്ങളുമെല്ലാം പ്രകാശിപ്പിക്കാനുള്ള വേദി എന്ന നിലയിൽ സ്കൂൾ മാഗസിനുകൾക്ക് ഉന്നതമായ വിദ്യാഭ്യാസ മൂല്യമുണ്ട്. ഈ ലക്ഷ്യം മുൻനിർത്തിക്കൊണ്ട് പട്ടിക്കാട് ഗവ. ഹയർ സെക്കണ്ടറി സ്കൂൾ വിദ്യാരംഗം കലാസാഹിത്യവേദി കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി, കൈത്തിരി എന്ന പേരിൽ, പത്രരൂപത്തിലുള്ള സപ്ലിമെന്റായി, പ്രസിദ്ധീകരിക്കുന്നുവെന്നറിഞ്ഞതിൽ സന്തോഷം.


സപ്ലിമെന്റിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

പി. ശ്രീരാമകൃഷ്ണൻ



ABDUL HAMEED. P
MEMBER
KERALA LEGISLATIVE ASSEMBLY
11-10-2018



## ഉള്ളടക്കം


- മഴയുടെ കോപം............................................................8
- പുലരി....................................................................9
- വിരഹിയായ പെൺകിടാവ്.............................................10
- കുട്ടികളുടെ ചിത്രങ്ങൾ...................................................11
- ഓർമകളെ ശപിക്കല്ലേ.....................................................12
- മീനുവിന്റെ അത്യാഗ്രഹം..................................................13
- സിംഹരാജാവിനെ രക്ഷിച്ച ബുദ്ധിമാനായ മുയൽ...........................14
- കുളിർ കാറ്റ്................................................................15
- മഴ..........................................................................16
- ഫോട്ടോ ഗാലറി.......................................................17-18
- ഫോട്ടോ ഗാലറി............................................................19
- ഫോട്ടോ ഗാലറി............................................................20
- ഫോട്ടോ ഗാലറി............................................................21
- സ്വപ്നമാകുന്ന മായാജാലം .........................................22-23
- *അച്ഛന്റെ സ്നേഹം*.........................................................24
- അമ്മ.....................................................................25-26
- നമ്മയുടെ കാവൽക്കാരൻ.................................................27
- എഡിറ്റോറിയൽ ബോർഡ്.................................................28
- അണിയറയിൽ.............................................................29
- കൃതജ്ഞത..................................................................30
- ഞങ്ങളുടെ കലാലയം.......................................................31
- ഞങ്ങളുടെ ഡിജിറ്റൽ ഐ ടി ലാബ് ..........................................32
- ഞങ്ങളുടെ ഡിജിറ്റൽ ഐ ടി ലാബ് ..........................................33

## മഴയുടെ കോപം

ചിന്നിച്ചിതറി പൊട്ടിത്തെറിച്ച്
മഴ തിമിർക്കുന്നു....
രാവും പകലും കാതലക്കും ശബ്ദത്തിൽ
പുതുമഴ പൊൻ മഴ
തിമിർക്കുന്നു..
അതിമനോഹരമാം
ചെളിക്കുഴികളൊരുക്കി ..
കോപമായ് മഴ
പെയ്തൊട്ടുങ്ങുന്നു..
ദീനങ്ങളൊരുക്കി



ദുരന്തത്തിലാക്കി
കോപമായ് പുതുമഴ പെയ്തൊട്ടുങ്ങുന്നു
വെള്ളക്കെട്ടുകൾ,
വെള്ളപ്പൊക്കങ്ങളാക്കി
ജലനിരപ്പുയർത്തി
കോപമായ് പുതുമഴ പെയ്തൊട്ടുങ്ങുന്നു
ഒന്നൊടുങ്ങുന്നു വീണ്ടും തുടരുന്നു.ഭ
അങ്കണം പുഴയാക്കി
അവധികൾ നൽകി
കോപമായ് പുതുമഴ പെയ്തൊട്ടുങ്ങുന്നു

സാമിയ ഷമീർ,VIII.K

# പുലരി



സൂര്യനുദിക്കുന്ന ദിക്ക്
കിഴക്കേ.....ദിക്ക്
പുലരി പിറക്കുന്ന ദിക്ക്
കിഴക്കേ.....ദിക്ക്
കിളികളുടെ മധുരഗാനം
അരുവിയുടെ കളനാദം
കേട്ടാൽ മനസ് തിളങ്ങുമല്ലോ
പുൽക്കൊടിത്തുമ്പിൽ തിളങ്ങുന്ന സൂര്യനും
മഞ്ഞിൽ വിരിയുന്ന പുഷ്പങ്ങളും
എന്തൊരു ഭംഗി...!
എന്തൊരു ഭംഗിയീ കാഴ്ചകൾക്ക്
നിദ്രയുണർത്തുന്ന കിളിനാദവും ,പിന്നെ
കോരിച്ചൊരിയും മഴയും
വന്നു പിറക്കുന്നു പുലരി
നിത്യ മോഹനസുന്ദര സുരഭി.

ബേബി സഞ്ജന .എം.ടി,IX.A

# വിരഹിയായ പെൺകിടാവ്





ആർദ്രമായ നൊമ്പരങ്ങൾ
എന്നെ മുട്ടിവിളിക്കുന്നു
എന്തിനോ ദുഖിതമാം എൻ..
മനസ്സിന്റെ മുൾമുനയിൽ ഞാൻ
നിൽക്കവെ..
വീണ നീർമാളത്തിൻ പൂവിനോട്
എന്തിനോ ഞാൻ വിരഹവേദന മൂളവേ
സ്വപ്നങ്ങളെന്നെ മാടിവിളിക്കുന്നു.
എൻ വിരഹങ്ങെളെന്നെ പിന്തുടരവേ
എൻ സങ്കടങ്ങൾ ഒരു മേഘം പോൽ
എന്തിനോ ഞാനെൻ വേദന പറയുന്നു.

റിയ നാസ്ലിൻ.പി.VIII.J

# കുട്ടികളുടെ ചിത്രങ്ങൾ





## ഓർമകളെ ശപിക്കല്ലേ...



ഓർമ്മ എന്നതൊരു വാക്കു മാത്രമല്ല
അതുകൊണ്ട് നിന്റെ വാർദ്ധക്യത്തെ
ബാല്യമാക്കു
ചുളിഞ്ഞ തൊലിപോലെ നിന്റെ വികാരങ്ങളെ
ഉടച്ചുമാറ്റി ഓർമകൾകൊണ്ട്
ആരോഗ്യവാനാക്കു
നിന്റെ ജീവിതം തൂലിക ചലിപ്പിച്ച് താളുകളിൽ
കോറി..
യിട്ടില്ലെങ്കിലും അതിനെയറിയാൻ  നിന്റെ ഓർമകൾ മറിക്കു
ഓർമ്മയില്ലെന്ന് മുദ്രക്കുത്തിയ രോഗി ഓർമ്മിക്കാനാകുമെങ്കിൽ തന്റെ വരും
കാലം ഭയപ്പെടുമായിരുന്നു.
ഏകാന്ത നിമിഷങ്ങളിൽ നിന്റെ മനസ്സിനെ തണു
പ്പിക്കാൻ അതു നിനക്കു ശക്തി പകരുമെന്നോർക്കുക.

നിഷ്മ നസ്റിൻ.കെ.X.B

# മീനുവിന്റെ അത്യാഗ്രഹം



മീനു എന്ന കുട്ടി തന്റെ അവധിക്കാലം ആഘോഷിക്കാൻ അമ്മയുടെ വീട്ടിൽ പോയി.അവിടെ ഒരു മലയുണ്ടായിരുന്നു.മലയുടെ മുകളിൽ നല്ല രുചിയുള്ള തേനും കിട്ടുമായിരുന്നു.മീനുവും കൂട്ടുകാരും മലമുകളിൽ പോകാൻ തീരുമാനിച്ചു.തേനീച്ചകൾ ഇല്ലാത്ത സമയത്ത് മാത്രമേതേനെടുക്കാൻ കഴിയുമായിരുന്നുള്ളൂ.മലമുകളിൽ പോയി കുറേ നേരം കളിച്ചപോൾ അവർക്ക് ക്ഷീണവും വിശപ്പും തോന്നി.അപോൾ അവരുടെ ശ്രദ്ധ തേനീച്ചക്കൂട്ടിൽ പതിഞ്ഞു.അവർ അത് കുടിക്കാൻ തീരുമാനിച്ചു.തേനീച്ചകൾ കൂട് വിട്ട് പുറത്ത് പോയ സമയമായിരുന്നു അത്.എല്ലാവരും നല്ല രുചിയുള്ള തേൻ ആസ്വദിച്ച് കഴിച്ചു.മീനു തേൻ കുടിച്ച് ക്കൊണ്ടിരുന്നു അവൾക്ക് നിർത്താൻ പോലും തോന്നിയില്ല. കൂട്ടുകാർ മടങ്ങിപോകാമെന്ന് പറഞ്ഞതൊന്നും അവൾ കേട്ടതേ ഇല്ല.ഒടുവിൽ മീനുവിനെ അവിടെ തനിച്ചാക്കി മറ്റുള്ളവർ മടങ്ങിപോയി അപോഴേക്കും തേനീച്ചകൾ തിരിച്ചെത്തി. മീനു അതൊന്നു മറിയാതെ അപോഴും തേൻ കുടിക്കുകയായിരുന്നു. മീനുവിനെ കണ്ടതും തേനീച്ചകൾ അവളെ ഓടിച്ചിട്ടുകുത്തി.വേദന കൊണ്ട് പുളഞ്ഞ് നിലവിളിച്ചു കൊണ്ട് അവൾ വീട്ടിലേക്കോടിപോയി.

**അനന്ദു കൃഷ്ണ.VIII.D**

# സിംഹരാജാവിനെ രക്ഷിച്ച ബുദ്ധിമാനായ മുയൽ

ഒരു കാട്ടിൽ ബുദ്ധിമാനായ ഒരു മുയലുണ്ടായിരുന്നു. പക്ഷെ അവന് കൂട്ടുകാരാരും ഉണ്ടായിരുന്നില്ല എന്നാലും അവന് കാട്ടിലൂടെ തുള്ളിച്ചാടി നടന്നു ഒരു ദിവസം പൂക്കൾ മണത്തു നടക്കുന്നതിനിടയിൽ മിട്ടു മുയൽ ഒരു ശബ്ദം കേട്ടു ശബ്ദം കേട്ട ദിക്കിലേക്ക് പതുങ്ങി പതുങ്ങി ചെന്ന് നോക്കിയപ്പോൾ അവൻ പേടിച്ച് പോയി സിംഹരാജാവ് ഒരു കെണിയിൽ അകപ്പെട്ടിരിക്കുന്നു എന്തെങ്കിലും ചെയ്യണം അവൻ ആലോചിച്ചു അപ്പോഴാണ് അവനൊരു ബുദ്ധി തോന്നിയത് മിട്ടു ഓടിപ്പോയി



കാട്ടിലെ എല്ലാമൃഗങ്ങളേയും വിവരമറിയിച്ചു എല്ലാവരും രാജാവിനെ രക്ഷിക്കാൻ ഓടിയെത്തി മൃഗങ്ങൾ തന്റെ നേരെ കുതിച്ച് വരുന്നത് കണ്ട് അവിടെയെത്തിയ വേട്ടക്കാരൻ പേടിച്ചു. വേട്ടക്കാരൻ ഉടൻ തന്നെ കൂടിന്റെ പൂട്ട് തുറന്നു സിംഹരാജാവ് വേട്ടക്കാരനെ കടിച്ച് കീറി തിന്നു തന്നെ രക്ഷിച്ച മൃഗങ്ങളോട് സിംഹം നന്ദി പറഞ്ഞു.മിട്ടുമുയലാണ് എല്ലാവരേയും വിവരമറിയിച്ചതെന്ന് എല്ലാവരും ഒരേ സ്വരത്തിൽ പറഞ്ഞു സിംഹത്തിന് സന്തോഷമായി അങ്ങനെ നല്ല കാര്യം ചെയ്ത മിട്ടു മുയലിനെ എല്ലാവരും അഭിനന്ദിച്ചു മിട്ടുവിന് ധാരാളം ചങ്ങാതിമാരെ ലഭിച്ചു പിന്നീട് അവൻ ഒരിക്കലും ഒറ്റക്ക് നടക്കേണ്ടി വന്നിട്ടില്ല.

ആത്മജാ ബാലകൃഷ്ണൻ .V.A

# കുളിർ കാറ്റ്

പതിവിനു വിപരീതമായി ജയിംസ് ബാൽക്കണിയിൽ ഇരിക്കുകയായിരുന്നു.കേടായിപ്പോയ തന്റെ പ്രിയപ്പെട്ട ഗെയിംപ്ലയറിനു പകരം മറ്റൊന്ന് വാങ്ങിവരുന്ന അമ്മയെ കാത്ത്.തനിക്ക് ഒരുപാട് ഗെയിംപ്ലയറുകൾ ഉണ്ടായിരുന്നെങ്കിലും ഏറ്റവും പ്രിയപ്പെട്ടതു തന്നെ കേടു വന്നതിന്റെ വ്യസനം അവനെ വല്ലാതെ തളർത്തി.കേവലം പത്തുവയസ്സുമാത്രം വരുന്ന അവന് ഇക്കാലം കൊണ്ടുതന്നെ ധാരാളം ആധുനിക വിനോദോപാധികളുണ്ടായിരുന്നു. പലതും ഇതുവരെ അവൻ ഇതുവരെ ഉപയോഗിച്ചിട്ടുപോലുമില്ല.ആഢംബരം അളവില്ലാതെയായിരുന്നു ആ വീട്ടിൽ.ഇത്രകാലത്തെ അവന്റെ ജീവിതത്തിന് കൃത്യമായ ഒരു ചിട്ടയുണ്ടായിരുന്നു.അതിരാവിലെ എണീറ്റ് തയ്യാറായി മുറ്റത്ത് വന്നുനിൽക്കുന്ന സ്കൂൾ വാഹനത്തിൽ കയറി സ്കൂളിലേക്ക്.അവിടുത്തെ പഠനത്തിനു ശേഷം അതേ വാഹനത്തിൽ കയറി തിരിച്ചുവീട്ടിലേക്ക്,പിന്നെ വിനോദം ഗെയിംപ്ലയറുകളിലും കമ്പ്യൂട്ടറിലും ഈ ചിട്ടയ്ക്കിടയിൽ അവൻ ശ്രദ്ധിക്കാതെ പോയ ഒന്നായിരുന്നു തന്റെ വീട്ടിൽ നിന്നും ഒരു മിനിറ്റുനേരം നടന്നാലെത്താവുന്ന ബാൽക്കണിയിലിരുന്നാൽ കാണാവുന്ന കളിസ്ഥലം.ദൂരെനിന്നും അവിടെ വന്നു കളിക്കുന്ന അവന്റെ പ്രായത്തിൽതന്നെയുള്ള കുട്ടികൾ ആധുനിക വിനോദോപാധികൾ തന്നിൽ നിന്നും മറച്ചുവെച്ചത്.

അതുവരെയില്ലാത്ത ഒരു മോഹം അവനെ പിടിച്ചുലച്ചു.അവിടേക്ക് പോകാൻ അമ്മ സമ്മതിക്കുമോ? അവിടെയുള്ള കുട്ടികൾ തന്നെ സ്വീകരിക്കുമോ?ഒരുപാട് ചോദ്യങ്ങൾ അവനിലേക്ക് പ്രവേശിച്ചു.ഒരുപാട്നേരം ചിന്തിച്ചു നിൽക്കാതെ അവൻ താഴേക്ക് ഇറങ്ങി.അവിടെ നിന്നും ഗ്രൗണ്ടിലേക്ക്. താൻ എത്രയോ തവണ യൂറ്റൂബിലും കണ്ടിട്ടുള്ള ഫുട്ബാൾ ആയിരുന്നു അവിടുത്തെ പ്രധാന കളി.അതുവരെ അവൻ അനുഭവിക്കാത്ത ഒരു കാറ്റ് അവനെ തലോടി.ഏസിയും സീലിങ് ഫാനും കാശു വാങ്ങിച്ച് തനിക്ക് തരുന്ന കാറ്റ് നാണത്തോടെ മറഞ്ഞ് പോയിരിക്കുന്നു.അതുവരെ അവൻ അറിഞ്ഞിട്ടില്ലാത്ത ഒരു കാറ്റ്,കുളിർ കാറ്റ് അവനെ തലോടിക്കൊണ്ടിരുന്നു.ഗെയിംപ്ലെയറുമായി വന്ന അമ്മയുടെ ഉച്ചത്തിലുള്ള ഹോണടി പോലും ശ്രദ്ധിക്കാതെ ആ കാറ്റ് അവനെ മയക്കി കളഞ്ഞിരുന്നു.തന്റ അമിതവണ്ണത്തെ ചൊല്ലി കളിയാക്കുന്നതു പോലും അറിയാതെ ആ കാറ്റ് അവനെ മയക്കി കളഞ്ഞിരുന്നു.

നാഹിദ ഷാഹിൻ എ .VIII.J

# മഴ

ചറ പറ ചറ പറചറ പറ
താളത്തിൽ നിർത്താതെ അങ്ങനെ
പെയ്യുന്നു.
കുളിർമഴ, പെരുമഴ താളത്തിൽ
നിർത്താതങ്ങനെ പെയ്യുന്നു.
തോട്ടും കുളവും നിറയുന്നു.



വയലുകൾ പാതകൾ മൂട്ടുന്നു
തോണി കളിക്കാൻ പോരുന്നോ
കുടയും ചൂടി പോവാല്ലൊ.
കൂട്ടം കൂടി പൊകുമ്പോൾ കൂക്കി വിളിച്ച് രസിക്കാലോ
മഴക്കൊണ്ടൊട്ടുവിൽ പനി വന്നാൽ
മൂടി പുതച്ച് കിടക്കാലോ.

ഫാത്തിമ നസ്റിൻ എ.V.B

# ഫോട്ടോ ഗാലറി...........



സ്കൂളിന്റെ സമഗ്ര വികസനത്തിന് നേതൃത്വം നൽകിക്കൊണ്ട് എന്നും
ഞങ്ങളോടൊപ്പമുള്ള അധ്യാപക - രക്ഷാകർതൃ സമിതി



സ്കൂൾ ഹൈടെക് പ്രഖ്യാപനം ബഹു. വിദ്യാഭ്യാസ
വകുപ്പുമന്ത്രി സി. രവീന്ദ്രനാഥ് നിർവ്വഹിക്കുന്നു.



സ്കൂൾ അലൂംനി അസോസിയേഷന്റെ നേതൃത്വത്തിൽ
നവീകരിച്ച ക്ലാസ് റൂമുകളുടെ കൈമാറ്റം ബഹു. സ്പീക്കർ
പി. ശ്രീരാമകൃഷ്ണൻ നിർവ്വഹിക്കുന്നു.

# ഫോട്ടോ ഗാലറി..........



മലപ്പുറം ജില്ലാപഞ്ചായത്ത് നിർമ്മിക്കുന്ന സ്കൂൾ ഓപ്പൺ ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനം പി. അബ്ദുൽ ഹമീദ് എം.എൽ.എ. നിർവ്വഹിക്കുന്നു



എസ്.എസ്.എൽ.സി., +2 ഫുൾ എ പ്ലസ് വിജയികൾക്കുള്ള അനുമോദനം

## ഫോട്ടോ ഗാലറി.............



സ്വന്തം ജീവൻ തൃണവൽഗണിച്ച് വെള്ളത്തിൽ മുങ്ങിപ്പൊങ്ങുന്ന സഹപാഠിയെ രക്ഷിച്ച കൊച്ചുബാലൻ കെ. മുഹമ്മദ് ആദിലിന് അനുമോദനം

# ഫോട്ടോ ഗാലറി.............



അഡ്വ. എം. ഉമ്മർ എം.എൽ.എ. സ്കൂൾ ബസിന്റെ താക്കോൽ കൈമാറുന്നു.



മലപ്പുറം ജില്ലാപഞ്ചായത്ത് വികസനകാര്യ സ്ഥിരംസമിതി അധ്യക്ഷൻ ഉമ്മർ അറക്കൽ സ്കൂൾ ബസിന്റെ താക്കോൽ കൈമാറുന്നു.

## സ്വപ്നമാകുന്ന മായാജാലം ......

ഞാൻ ആ വഴിയിലൂടെ നടന്ന് പോകുകയായിരുന്ന പെട്ടന്നാണ് ആ തേങ്ങലിന്റെ ശബ്ദം ഞാൻ കേട്ടത് നേരം വൈകിയതിനാൽ എന്ത് ചെയ്യുമെന്നറിയാതെ ഞാൻ ഒന്ന് നിന്നു എന്റെ കൂടെയുള്ളവർ മുമ്പിലോട്ട് നടന്ന് പോയിരുന്നു ആ കരച്ചിലിന്റെ നാദം എന്റെ ചെവിയിൽ പതിഞ്ഞു അത് അന്താണെന്ന് നോക്കിയിട്ടുതന്നെ ബാക്കി കാര്യം ഞാൻ സ്വയം പറഞ്ഞു ഒറ്റക്കാണെന്ന ഭയം ഉള്ളിൽ ഒതുക്കിക്കൊണ്ട് ഞാൻ കാടിന്റെ തെക്കേ ദിശയിലേക്ക് നീങ്ങിത്തുടങ്ങി വന്ന വഴി



മറക്കാതിരിക്കാൻ വഴിയിലൂടെ മുമ്പെ ശേഖരിച്ച് വെച്ചിരുന്ന മഞ്ചാടിക്കുരു വിതറി ഇന്ന് മഴയുണ്ടാവില്ല എന്ന കാലാവസ്ഥ നിരീക്ഷണം ടി വി യിൽ രാവിലെ കണ്ടതുകൊണ്ട് മഞ്ചാടിക്കുരു ഒലിച്ചുപോവില്ല എന്നുറപ്പായി ഞാൻ ആ ശബ്ദത്തിന്റെ അടുത്തേക്ക് നീങ്ങി രാത്രിയായി തുടങ്ങി വിധിയെന്ന് പറയാമല്ലോ മേഘങ്ങൾ ഇരുണ്ട്മൂടി കാറ്റ് ശക്തിയായി വീശാൻ തുടങ്ങി

എന്റെ സുഹൃത്ത് എന്റെ കൂടെ വരുന്നത് കണ്ടിരുന്നില്ല പെട്ടെന്ന് അവൾ പിന്നിൽ നിന്ന് ശബ്ദമുണ്ടാക്കി ഠോ! ഒരു നിമിഷം എന്റെ ശ്വാസം നിലച്ച് പോയി. തിരിഞ്ഞ്നോക്കിയപ്പോൾ എന്റെ സുഹൃത്തിനെ കണ്ട ആശ്വാസത്തിൽ ഞാൻ ഒന്ന് നെടുവീർപ്പിട്ടു . പിന്നെ അങ്ങോട്ടുള്ള യാത്ര രണ്ടുപ്പേരും കൂടിയായിരുന്നു. ഞാൻ കേട്ട ശബ്ദത്തെക്കുറിച്ച് ഞാൻ അവളോട് പറഞ്ഞു അവൾ എന്നെ ആകെ ഒന്ന് നോക്കി നമുക്ക് തിരിച്ച് പോകാം ഇവിടെ നിന്നാൽ ശരിയാവില്ല അവൾ എന്നോട് പറഞ്ഞു വേണ്ട നമ്മൾ അടുത്ത് കഴിഞ്ഞു വന്ന വഴി നമുക്ക് അറിയുകയുമില്ല അതു കണ്ട് ഇത് കണ്ട്പിടിച്ചതിന് ശേഷമേ പോവാൻ പറ്റൂ എന്ന് ഞാനും

പറഞ്ഞു മനസില്ലാമനസ്സോടെ അവള് തലക്കുലുക്കി മഴ ചാറിത്തുടങ്ങി നമുക്ക് മഴ നനയാതെ എങ്ങോട്ടെങ്കിലും പോകാം അടുത്ത് തന്നെ ഒരു ഗുഹയുണ്ടായിരുന്നു ഞങ്ങൾ അതിലേക്ക് കയറി ഞങ്ങൾ രണ്ടുപേരും ദാഹജലം കുടിച്ചു ഞാൻ പറഞ്ഞു എന്നാലും ഇപ്പോൾ ആ ശബ്ദം കേൾക്കുന്നില്ലല്ലോ. നീയും നിന്റെ ശബ്ദവും..... ഹും......മറ്റുള്ളവരുടെ ഒപ്പം എത്തിയിരുന്നെങ്കിൽ നമുക്ക് നാളെ ആവുമ്പോഴേക്കും ആ ചോലകളും,പൂക്കളും,പൂമ്പാറ്റകളും ഒക്കെ കാണാമായിരുന്നു അവൾ പിണങ്ങിയ ഭാവത്തോടെ പറഞ്ഞു എന്ത് പറയണമെന്നറിയാത്തത് കൊണ്ട് ഞാൻ നിശബ്ദമായി നിന്നു

നിർഭാഗ്യവശാൽ ഗുഹയിലേക്ക് കേറുന്ന സ്ഥലം പാറക്കല്ലുകൾ വീണടഞ്ഞുപോയി.എന്റെ മനസ് ഒന്ന് വേദനിച്ച് പോയി ഞാൻ കാരണം എന്റെ സുഹൃത്തിന് കുറേ കാഴ്ചകൾ നഷ്ടപ്പെട്ടു. പെട്ടന്നാണ് ഞാൻ ആ ശബ്ദം വീണ്ടും കേട്ടത് ഞാനും അവളും മുഖത്തോട് മുഖം നോക്കി . ഞങ്ങൾ ഗുഹയുടെ ഉള്ളിലേക്ക് നീങ്ങിത്തുടങ്ങി അപ്പോഴാണ് ആ കാഴ്ചകണ്ടത് ഏഴ് വയസ്സ് പ്രായം തോന്നിക്കുന്ന കുട്ടി കാലിൽ മുറിവുപ്പറ്റി നിന്ന് കരയുന്നു പെട്ടെന്ന് എനിക്കെന്റെ അനിയനെ ഓർമ്മവനു അവളുടെ കണ്ണും നിറഞ്ഞിരിന്നു ഞങ്ങൾ കൈയിലിരിക്കുന്ന മരുന്ന് പുരട്ടി ഭേദമാക്കി കോടുത്തു. എന്താ നിന്റെ പേര് ഞാൻ ചോദിച്ചു അമ്മു അവൾ പറഞ്ഞു ഒരിക്കൽ അമ്മാവനൊപ്പമുള്ള യാത്രയിൽ സംഭവിച്ച വാഹനാപകടത്തിൽ വന്ന് പെട്ടതാണെന്നും ഞാൻ മനസ്സിലാക്കി ഞങ്ങൾ ഗുഹയുടെ ഉള്ളിലേക്ക് നീങ്ങിത്തുടങ്ങി മനോഹരകാഴ്ചകൾ കണ്ടു സ്വപ്നത്തിൽ പോലും കാണാത്തകാഴ്ചകളായിരുന്നു അവിടെ ഞങ്ങൾ അങ്ങനെ വീട്ടിലേക്ക് തിരിച്ചു.

ഫാത്തിമ ദിൽഷ .IX.K

# അച്ഛന്റെ സ്നേഹം

ഒരിക്കൽ വിട്ടിൽ നല്ലൊരു കുടുംബനാഥനുണ്ടായിരുന്നു. മക്കളോട് നല്ല സ്നേഹമായിരുന്നു അദ്ദേഹത്തിന്. മക്കളുടെ ആവശ്യങ്ങളേല്ലാം നിറവേറ്റിക്കൊടുത്തിരുന്നു. മൂന്നുമക്കളും നന്നായി പഠിക്കുമായിരുന്നു. എകിലും അച്ഛനെ അനുസരിക്കുന്ന കാര്യത്തിൽ അവർ പിന്നിലായിരുന്നു.



എല്ലാ പരീക്ഷകളിലും നല്ല മാർക്കോടെ അവർ വിജയിച്ചു. അച്ഛന് അഭിമാനംകൂടി.നാട്ടുകാർ സ്വന്തം മക്കളെ ആദരിക്കുന്നതു കണ്ട് അച്ഛന് സന്തോഷം അടക്കാനായില്ല.

കുറെകാലം കഴിഞ്ഞപ്പോൾ അച്ഛന്റെ ആരോഗ്യമെല്ലാം ക്ഷയിച്ചു.അദ്ദേഹം വൃദ്ധനായി. മക്കളെലാം വലിയ ഉദ്യോഗസ്ഥരായി. അവർക്ക് അച്ഛൻ ഒരധികപ്പറ്റായി. അച്ഛന്റെ സ്വത്തെല്ലാം അവർ എഴുതിവാങ്ങി. ഇളയമകൻ അച്ഛനെ ഒരു വൃദ്ധസദനത്തിലാക്കി. തന്റെ മക്കളെ ഒരുനോക്കു കാണാനാഗ്രഹിച്ച് ആവൃദ്ധൻനെഞ്ചുപൊട്ടിമരിച്ചു.

സഹ്‌ല ഷെറിൻ പി. VII.A



# അമ്മ

ഇന്ന് ഓപ്പറേഷൻ കഴിഞ്ഞ് മൂന്നാംദിവസം. ഡോക്ടറോട് ഇന്നും കെഞ്ചി. തനിക്കുവേണ്ടി ആ മഹാത്യാഗം ചെയ്യാൻ തയ്യാറായത് ആരാണെന്നറിയാൻ പക്ഷെ ആ പെര് വെളിപ്പെലടുത്തിയില്ല. എന്തു കൊണ്ട് എന്ന് ചോദിച്ചാൽ ഡോക്ടർക്ക് ഉത്തരമില്ല. രണ്ടു ദിവസം കൊണ്ട് ഈ ആശുപത്രിയെ വെറുത്തു കഴിഞ്ഞിരുന്നു അമ്മയെ കാണാൻ പറ്റില്ല, ഐ.സി.യുവിൽ നിന്നുമാറ്റാതെ.

ഹൃദയത്തിന് രോഗം ബാധിച്ച് ആ ആശുപത്രിയിൽ എത്തുന്ന ആറാമത്തെ രോഗിയാണ് രമ്യ.ഹൃദയം മാറ്റിവെക്കാനാണ് ഡോക്ടർ വിധി എഴുതിയത്.അച്ഛനില്ലാത്ത അവളുടെ ചികിത്സക്ക് പണം കണ്ടെത്താൻ തന്നെ അമ്മ ഒരുപാട് വിഷമിക്കുന്നുണ്ട്.അമ്മയുടെ കഷ്ടപാട് കാണുമ്പോൾ അവൾ പറയും " അമ്മ എനിയ്ക്കായി നാടുചുറ്റണ്ട. ഞാനങ്ങ് ചത്തുപ്പൊയ്ക്കോട്ടെ" അമ്മ അവളെ നോക്കി ശാസിക്കും."ഇനി നീ ഇങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ കണ്ടോ....."

പിന്നെ എങ്ങനെയാണ് അവളുടെ ഓപ്പറേഷൻ കഴിഞ്ഞത് എന്ന് അവൾക്കറിയില്ല . ഐ.സി.യു.വിൽ നിന്ന് മാറ്റി. അമ്മയെ കണ്ടില്ല. ഡോക്ടറോട് കെഞ്ചി.അവളുടെ നിർബന്ധം സഹിക്കവയ്യാതെ ഡോക്ടർ ആ രഹസ്യം വെളിപ്പെടുത്തി . ഡോക്ടർ വിറയാർന്ന സ്വരത്തിൽ പറ ഞ്ഞു "നിന്റെ ജീവൻ തിരിച്ചു തന്ന ആ നല്ല മനസ്സിന്റെ ഉടമ നിന്റെ അമ്മ തന്നെയാണ്." ഇടിവെട്ടേറ്റതു പോലെ ര മ്യ നിന്നു. ആ മാറ്റി വെച്ച

ഹൃദയം പോലും നിലച്ചു പോയോ എന്നു തോന്നിപ്പോയി. ഒരു നിമിഷത്തെ ഞെട്ടൽ മാറി രമ്യ പൊട്ടിക്കരയാൻ തുടങ്ങി. അവളുടെ ദീനരോദനം കേട്ട് ആശുപത്രി പോലും മരവിച്ചു പോയി. കണ്ണീർ വാർത്തുകൊണ്ട് രമ്യ ആരോടെന്നില്ലാതെ ചോദിച്ചു" എന്തിനാ ഈ നശിച്ച ജന്മത്തിന്റെ ജീവൻ തിരിച്ചു തന്ന് അങ്ങ് പോയത്......"

സാമിയ ഷമീർ എംടി 8K

## നന്മയുടെ കാവൽക്കാരൻ

കണ്ണൻ അന്ന് നേരത്തെ എഴുന്നേറ്റു. ഇന്നവന്റെ പിറന്നാളാണ്. പിന്നെ മറ്റൊരു സന്തോഷം കൂടിയുണ്ട് അവന്റെ അച്ചൻ അവധിക്ക് നാട്ടിൽ വരുകയാണ് കണ്ണന്റെ അച്ചൻ ഒരു പട്ടാളക്കാരനാണ്. സുനിൽ എന്നാണ് അവന്റെ അച്ചന്റെ പേര്. അവനും അമ്മയും അച്ഛച്ഛനും അമ്മമ്മയും അച്ഛനെ കാത്തിരിക്കുകയാണ്.അച്ഛനെന്താണ് എത്താത്തത്? കണ്ണൻ കാത്തിരുന്നു മുഷിഞ്ഞു.രണ്ടാം ക്ലാസിലെ കൂട്ടുകാരെയെല്ലാം അച്ഛനെ കാണിക്കണം.അമ്മ അടുക്കളയിൽ അച്ഛൻ ഇഷ്ടമുള്ള വിഭവങ്ങൾ ഒരുക്കുന്ന തിരക്കിലാണ്.അതിനിടെ ഫോൺ ബെല്ലടിക്കുന്ന ശബ്ദം കേട്ടു.കണ്ണൻ ഓടിച്ചെന്ന് ഫോണെടുത്തു. എനിക്കിന്ന് വരാൻ കഴിയില്ല എന്ന് മാത്രം പറഞ്ഞ് ഫോൺ കട്ടായി. വീട്ടിൽ എല്ലാവർക്കും വിഷമമായി.പിറ്റേന്ന് സ്കൂളിലേക്ക് പോകാൻ പുറത്തിറങ്ങിയപ്പോൾ രണ്ട് മൂന്ന് പട്ടാളക്കാർ വരുന്നത് കണ്ടു. അമ്മേ അച്ഛൻ വന്നു അവൻ തുള്ളിച്ചാടി എല്ലാവരും പുറത്തേക്ക് വന്നു.പട്ടാളക്കാർ വണ്ടിയിൽ നിന്ന്ഒരു ശരീരം കൊണ്ട് വന്നു. തുണി മാറ്റിയപ്പോൾ അവർ ഉറക്കെ നിലവിളിച്ചു. കണ്ണനോട് അച്ഛൻ പറ ഞ്ഞു.നിന്റെ അച്ഛൻ രാജ്യത്തിന്റെ രക്ഷകരിലൊരാളാണ് അച്ഛനെ ഓർ ത്ത് അഭിമാനിക്കുക. ആ മൃതശരീരം ചിതയിലേക്ക് വെച്ചപ്പോൾ ആ നാട് ഒരേ സ്വരത്തിൽ പറഞ്ഞു. ഭാരത് മാതാ കീ ജയ്.



കൃഷ്ണനുണ്ണി. എസ് .ആർ.VIII.E

# എഡിറ്റോറിയൽ ബോർഡ്..............

## ലിറ്റിൽ കൈറ്റ്സ്

ചീഫ് എഡിറ്റർ:ശ്രീരാഗ്.എസ്

അസി:എഡിറ്റർ:മലീഹ്

എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ:

നന്ദന.കെ,മുഹമ്മദ് അസീൽ.എസ്,ഷഹൽ മുബാറക് .കെ

കൈറ്റ് മാസ്റ്റർ:രാജേഷ്.യം

കൈറ്റ് മിസ്ട്രസ്:മെഹബൂബ.പിസി

സാങ്കേതിക സഹായം:മുസൈന

## വിദ്യാരംഗം കലാസാഹിത്യവേദി


പത്രാധിപസമിതി

മുഖ്യപത്രാധിപർ
കെ.ബഷീർ (ഹെഡ്മാസ്റ്റർ)

അധ്യാപക പ്രതിനിധികൾ
ടി.വി. ഗീത
പി. വേണുഗോപാൽ
പി.വി. സിതാര
എം.ജെ. എലിസബത്ത്
എൻ. വീണാദേവി

പത്രാധിപർ
ഷഹദ കെ.കെ.

അംഗങ്ങൾ
നഹിദ ഷാഹിൻ എ.
ഷഹ്സാദ് പി.
കൃഷ്ണനുണ്ണി എസ്.ആർ.
ആരതി കെ.
റിൻഷാദ് എ.ടി.

## അണിയറയിൽ.........



# കൃതജ്ഞത...............

**'ലിറ്റിൽ കൈറ്റ്സ് '**പട്ടിക്കാട് ഗവൺമെന്റ് ഹയർസെക്കണ്ടറി സ d ക്കൂൾ യൂണിറ്റിന്റെ**'കൈത്തിരി' ഡിജിറ്റൽ മാഗസിൻ** യാഥാർത്ഥ്യമാക്കുന്നതിനുവേണ്ടി സൃഷ്ടികൾ നൽകിയവർക്കും മാഗസിൻ നിർമ്മാണത്തിന്റെ അണിയറയിൽ പ്രവർത്തിച്ചവർക്കും മറ്റു മാർഗ്ഗനിർദ്ദേശം നൽകിയവർക്കും **' ലിറ്റിൽ കൈറ്റ്സ് '** യൂണിറ്റിന്റെ നന്ദി അറിയിക്കുന്നു.

**ടീം "ലിറ്റിൽ കൈറ്റ്സ് '**

## ഞങ്ങളുടെ കലാലയം.........


GOVT: HIGHER SECONDARY SCHOOL.PATTIKKAD
PATTIKKAD SERVICE CO.OP BANK



# ഞങ്ങളുടെ ഡിജിറ്റൽ ഐ ടി ലാബ് ...........





# ഞങ്ങളുടെ ഡിജിറ്റൽ ഐ ടി ലാബ് ...........






Thank you!